**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1602** | | **10.02.2020-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **നഗരങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ഡോ.എം. കെ. മുനീർ**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**,, പാറക്കൽ അബ്ദുല്ല**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്തെ നഗരങ്ങളിലെ മാലിന്യ പ്രശ്നങ്ങളുടെ പരിഹാരത്തിനായി എന്തെങ്കിലും ആധുനിക സംവിധാനം ഒരുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചു വരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിലേക്കായി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11.06.2018-ലെ 82/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെൻഡറിലൂടെ കണ്ടെത്തുന്ന സ്വകാര്യ മേഖലയിലെ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി.യെ നിയമിച്ചിട്ടുണ്ട്.<br>ഇതിൽ കോഴിക്കോട് ഞെളിയംപറമ്പിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ആഗോള ടെണ്ടറിലൂടെ തിരഞ്ഞെടുത്ത M/s Zonta Infratech Pvt. Ltd. എന്ന കമ്പനിയുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. പാലക്കാട്, കണ്ണൂർ ജില്ലകളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. കൊല്ലം ജില്ലയിലെ ടെണ്ടർ പരിശോധനകൾ പൂർത്തിയാക്കി negotiation നടപടികൾ പുരോഗമിക്കുന്നു. മലപ്പുറം, തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി കെ.എസ്.ഐ.ഡി.സി.ക്ക് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ കൊച്ചിയിലെ ബ്രഹ്മപുരത്ത് വേസ്റ്റ് റ്റു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ അനുമതികൾ എല്ലാം ലഭ്യമാകുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി ലോക ബാങ്ക് സഹായത്തോടെ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | കേരള അർബൻ സർവ്വീസ് ഡെലിവറി പ്രോജക്റ്റ് (KUSDP) നായി വേൾഡ് ബാങ്കിൽ നിന്ന് 300 മില്ല്യൺ USD യ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ Waste Management, Septage & Sewage Management, Sanitation Sector എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ